# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത 25.06.2019-ൽ മറുപടിയ്ക്ക്

ചോദ്യം നം. 4621

## ട്രോളിങ് നിരോധനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പാറക്കൽ അബ്ദുല്ല : | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | സംസ്ഥാനത്ത് ഏതുവർഷം മുതലാണ് ട്രോളിങ് നിരോധനം നിലവിൽ വന്നത്; നേരത്തെ എത്ര ദിവസമായിരുന്നു ട്രോളിങ് നിരോധനം ഏർപ്പെടുത്തിയിരുന്നതെന്നു വ്യക്തമാക്കുമോ; | (എ) | 1988 മുതലാണ് സംസ്ഥാനത്ത് ട്രോൾബാൻ നടപ്പിലാക്കി തുടങ്ങിയത്. അന്ന് മുതൽ 2019 വരെ ഓരോ വർഷവും എത്ര ദിവസമാണ് ട്രോൾബാൻ നടപ്പിലാക്കിയതെന്ന വിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നം. | വർഷം | ആകെ ദിവസം |
|---|---|---|
| 1 | 1988 | 61 |
| 2 | 1989 | 43 |
| 3 | 1990 | 24 |
| 4 | 1991 | 30 |
| 5 | 1992 | 44 |
| 6 | 1993 | 31 |
| 7 | 1994-2005 | 45 |
| 8 | 2006 | 63 |
| 9 | 2007-2017 | 47 |
| 10 | 2018 | 52 |
| 11 | 2019 | 52 |

| | | | |
|---|---|---|---|
| (ബി) | ഈ വർഷം രണ്ടു ഘട്ടങ്ങളിലായി നിരോധനം ഏർപ്പെടുത്താൻ ഇത് സംബന്ധമായി പഠനം നടത്തിയ വിദഗ്ദ്ധസമിതി ശിപാർശ ചെയ്തിരുന്നോ; | (ബി) | 2013-ൽ സംസ്ഥാന സർക്കാർ നിയമിച്ച കമ്മിറ്റി ട്രോൾബാൻ കാലയളവ് 60 ദിവസമായി വർദ്ധിപ്പിക്കണമെന്നും ക്രമേണ ടി കാലയളവ് രണ്ട് ഘട്ടങ്ങളിലായി നടപ്പാക്കണമെന്നും (ജൂൺ,ജൂലൈ - 30 ദിവസം, ഒക്ടോബർ, നവംബർ - 30 ദിവസം) ശുപാർശ ചെയ്തിട്ടു ണ്ട്. |
| (സി) | എങ്കിൽ ഇത് വേണ്ടെന്ന് വയ്ക്കാനുണ്ടായ കാരണമെന്താണ്; നിരോധനം ഒറ്റഘട്ടമായും രണ്ടു ഘട്ടങ്ങളായും നടത്തുമ്പോളുണ്ടാകുന്ന നേട്ടവും കോട്ടവും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (സി) | ട്രോൾബാൻ കൂടുതൽ ഫലപ്രദമാക്കുന്നതിന് കാലാവധി 60 ദിവസമായി വർദ്ധിപ്പിക്കണമെന്നും ക്രമേണ ടി കാലയളവ് രണ്ട് ഘട്ടങ്ങളായി നടപ്പാക്കണമെന്നും (ജൂൺ, ജൂലൈ 30 ദിവസം, ഒക്ടോബർ, നവംബർ 30 ദിവസം) 2013-ൽ സർക്കാർ നിയോഗിച്ച കമ്മിറ്റി ശുപാർശ ചെയ്യുകയുണ്ടായി. അതിന്റെ കൂടി അടിസ്ഥാനത്തിലാണ് 2018 വർഷം മുതൽ ട്രോൾബാൻ കാലാവധി 47 ദിവസത്തിൽ നിന്നും 52 ആയി |

ഉയർത്തിയിട്ടുള്ളത്. ഇത് സംസ്ഥാനത്തിന്റെ അനുഭവവുമായി ഒത്ത് പോകുന്നതാണ്. എന്നാൽ നിരോധന കാലം 2 ഘട്ടങ്ങളിലായി നടപ്പാക്കണമെന്നത് സംബന്ധിച്ച് സംസ്ഥാനം അന്തിമ തീരുമാനമെടുത്തിട്ടില്ല. 1988 മുതൽ 31 വർഷമായി നടപ്പാക്കി വരുന്ന കടലിന്റെ അടിത്തട്ടിലെ ട്രോൾബാനിൽ മാറ്റങ്ങൾ വരുത്തുന്നതിന് മുമ്പ് മത്സ്യത്തൊഴിലാളി സമൂഹവുമായും ബോട്ടുടമകളുമായും ചർച്ചകൾ നടത്തി സമവായത്തിലെത്തണമെന്നതാണ് സർക്കാരിന്റെ കാഴ്ചപ്പാട്. ഇത്തരത്തിലുള്ള ചർച്ചകൾ ഇതിനകം തന്നെ ആരംഭിച്ചിട്ടു ണ്ട്.

കേരള തീരത്ത് Demersal fishes (അടിത്തട്ടിൽ ജീവിക്കുന്ന മത്സ്യങ്ങൾ) കണവ, കൂന്തൽ തുടങ്ങിയ മത്സ്യയിനങ്ങൾ പ്രധാനമായും ഒക്ടോബർ/നവംബർ മാസങ്ങളിലാണ് പ്രജനനം നടത്തുന്നതെന്നും ആ വിഭാഗത്തിൽപ്പെട്ട മത്സ്യങ്ങളുടെ സംരക്ഷണത്തിനായി ഒക്ടോബർ, നവംബർ മാസങ്ങളിൽ കൂടി നിരോധനം ഏർപ്പെടുത്തുന്നതായിരിക്കും ഫലപ്രദമെന്നുമാണ് ഒരു വിഭാഗം ശാസ്ത്രജ്ഞരുടെ അഭിപ്രായം.

എന്നാൽ കേരളത്തിന്റെ കടൽ മത്സ്യ ഉൽപ്പാദനത്തിന്റെ ഏകദേശം 62 ശതമാനവും ഉപരിതല മത്സ്യങ്ങളും (pelagic fishes), 22 ശതമാനം അടിത്തട്ടിലെ മത്സ്യങ്ങളും (Demersal fishes), 9-10% ചെമ്മീൻ/കൊഞ്ച്/ഞണ്ട് തുടങ്ങിയവ ഉൾപ്പെടുന്ന ക്രസ്റ്റേഷ്യനുകളും, 7-8 % കണവ, കൂന്തൽ എന്നിവ ഉൾപ്പെടുന്ന മൊളസ്ക്കൽ വർഗ്ഗ ജീവികളും ആണ്. ഉപരിതല മത്സ്യങ്ങൾ പൊതുവെ കാലവർഷകാലത്തോ അതിന് തൊട്ട് മുമ്പോ പിമ്പോ ആണ് പ്രജനനം നടത്തുന്നത്. പ്രസ്തുത മത്സ്യങ്ങളെ കൂടുതലായും പിടിച്ചെടുക്കുന്നത് പരമ്പരാഗത മത്സ്യത്തൊഴിലാളികളാണ് (പ്രത്യേകിച്ച് കാലവർഷ കാലങ്ങളിൽ).

കണവ, കൂന്തൽ തുടങ്ങിയ മത്സ്യങ്ങൾ ഒക്ടോബർ, നവംബർ മാസങ്ങളിലാണ് പ്രധാനമായും പ്രജനനം നടത്തുന്നതെങ്കിലും അവ ആകെ ഉൽപ്പാദനത്തിന്റെ 7-8% മാത്രമാണ് സംഭാവന ചെയ്യുന്നത്.

ജൂൺ/ജൂലൈ മാസങ്ങളിലെ ട്രോളിംഗ് നിരോധനം മത്സ്യ പ്രജനനത്തെ സഹായിക്കുന്നതിന് മാത്രം ഉദ്ദേശിച്ചിട്ടുള്ളതല്ല. പശ്ചിമ തീരത്ത് upwelling മൂലവും മറ്റും കടൽ ഏറ്റവും ഉത്പാദന ക്ഷമമാവുന്നത്

| | | | |
|---|---|---|---|
| | | | ജൂൺ ജൂലൈ മാസങ്ങളിലാണ്. ഈ സമയത്താണ് കടലിലെ primary productivity ഏറ്റവും കൂടുതൽ. കടലിലെ സർവ്വ ജീവ പ്രക്രിയകളുടെയും രാസോർജ്ജത്തിന്റെ ഉറവിടമായ അതിസൂക്ഷ്മ സസ്യങ്ങളുടെ ഊർജ്ജിത ഉൽപ്പാദനം നടക്കുന്നത് ഈ കാലത്താണ്. കടലിലെ ഈ അടിസ്ഥാന ഉൽപ്പാദനവും (primary productivity) അതുമായി ബന്ധപ്പെട്ട് ഉടലെടുക്കുന്ന ഭക്ഷ്യ കലവറയുമാണ് മത്സ്യങ്ങൾ ഉൾപ്പെടെയുള്ള സകല ജന്തുക്കളുടെയും നിലനിൽപ്പിന് ആധാരം. അടിത്തട്ടിലെ ട്രോളിംഗ് മൂലം ജലത്തിന്റെ കലങ്ങൽ (turbidity) കൂടുന്നു. ഇത് പ്രാഥമിക ഉൽപ്പാദനത്തെ പ്രതികൂലമായി ബാധിക്കുന്നു.<br><br>ഈ സാഹചര്യങ്ങളിൽ ഇപ്പോൾ നിലനിൽക്കുന്ന പോലെ ജൂൺ/ജൂലായ് മാസങ്ങളിലെ ട്രോളിംഗ് നിരോധനമാവും കൂടുതൽ ഫലപ്രദം എന്ന പ്രബലമായ അഭിപ്രായവും നിലനിൽക്കുന്നു ണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾ പൊതുവെ ഈ അഭിപ്രായത്തിന്റെ പക്ഷത്താണ്. മത്സ്യത്തൊഴിലാളി സമൂഹവുമായി വിശദമായ ചർച്ച നടത്തി സമവായത്തിലെത്തിയതിന് ശേഷം ഇക്കാര്യം പരിശോധിക്കുന്നതാണ്. ഈ സാഹചര്യത്തിലാണ് നടപ്പ് വർഷവും ഒറ്റത്തവണയായി ട്രോൾബാൻ 52 ദിവസമായി നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ